# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

## 2025-26

## 03/06/2025 മുതൽ 13/06/2025 വരെ നടത്തുന്ന പ്രവർത്തനങ്ങൾ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ഒരുക്കുന്നു. കുട്ടികളിൽ ഉളവാക്കേണ്ടുന്ന ധാരണകൾ വികസിപ്പിക്കാനുള്ള ഒരു പ്രവേശികയാണ് സന്നദ്ധതാ പ്രവർത്തനങ്ങൾ. ഇതിനായി ദിവസവും ഒരു മണിക്കൂർ നടത്താവുന്ന പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നു.

03/06/25

**എന്റെ സ്കൂൾ**

- ❖ കൂട്ടുകാരെ പരിചയപ്പെടൽ
- ❖ അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കൽ
- ❖ സ്കൂളിനെ അറിയൽ

കണ്ടും നിരീക്ഷിച്ചും ആണ് അറിവ് നേടുന്നത്.

ഇതിനായി

- ❖ സ്കൂൾ പരിസര നിരീക്ഷണം
- ❖ ഓഫീസ് റൂം നിരീക്ഷണം
- ❖ ടോയ്‌ലറ്റ് ഉപയോഗിക്കുമ്പോൾ ചെയ്യുന്നത് അറിയുന്നു.
- ❖ കളിക്കളം നിരീക്ഷണം
- ❖ ആരോഗ്യ സംരക്ഷണം-
- ❖ വെള്ളം ഭക്ഷണം തുടങ്ങിയവ ശ്രദ്ധിക്കേണ്ടത്
- ❖ അപകടസാധ്യതകൾ
- ❖ ലൈബ്രറി
- ❖ കുട്ടി എന്ന നിലയിൽ വ്യക്തി സുരക്ഷിതത്വം
- ❖ അടുക്കളയുടെ ശുചിത്വം

04/ 06/ 25

റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ചു കടക്കുമ്പോൾ, ജലപാത ഉപയോഗം, സ്കൂൾ വാഹനം ഉപയോഗം, ശ്രദ്ധിക്കേണ്ടവ

- റോഡ് യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് - ചർച്ച
- റോഡ് യാത്ര- മോക് ഡ്രിൽ ക്ലാസിൽ അവതരണം
- സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
- റെയിൽ ക്രോസുകൾ, സിഗ്നൽ എന്നിവയിൽ ശ്രദ്ധിക്കേണ്ടവ.

- ICT സാധ്യതകളിലൂടെ സീബ്രാ ലൈൻ, ട്രാഫിക് ലൈറ്റ്, നടപ്പാത തുടങ്ങിയ മനസ്സിലാക്കുന്നു.
- അടുത്ത നഗരത്തിലെ അനുഭവങ്ങൾ കുട്ടികൾ അവതരിപ്പിക്കൽ

05/06/2025

വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യ വൽക്കരണം

1) വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയ്ക്ക് ഊന്നൽ നൽകൽ.

2) ജൂൺ - 5 ലോക പരിസ്ഥിതി ദിനം.

<u>**പ്രവർത്തനങ്ങൾ**</u>

1) ശുചിത്വപാട്ടുകൾ പാടുന്നു.

2) സർവ്വേ ഫോം പൂർത്തിയാക്കി ക്ലാസ് സർവ്വേ നടത്താൻ

(ഓരോ മാസത്തിലും നടത്തുന്നു)

| ക്രമ നമ്പർ | ശീലങ്ങൾ | ഉണ്ട് | ഇല്ല |
|---|---|---|---|
| 1 | ഇന്നലെ രണ്ടുനേരം പല്ല് തേച്ചവർ | 1+1+1 | 1+1 |
| 2 | ഇന്ന് കുളിച്ചവർ | 1+1+1 | 1+1 |
| 3 | കൈനഖം വൃത്തിയുള്ളവർ | | |
| 4 | മുടി ചീകി വൃത്തിയാക്കൽ | | |
| 5 | വൃത്തിയുള്ള ചെരുപ്പ് ധരിച്ചവർ | | |
| 6 | കാൽ നഖം വൃത്തിയുള്ളവർ | | |
| 7 | സ്കൂൾ ബാഗ് വൃത്തിയായി സൂക്ഷിച്ചവർ | | |
| 6 | വൃത്തിയുള്ള വസ്ത്രം ധരിച്ചവർ | | |

ക്രോഡീകരിക്കുന്നു. ഇന്നലെ രണ്ട് നേരവും പല്ലുതേച്ചവർ ഇത്രയാണ്.

- നന്നായി വ്യക്തി ശുചിത്വം പാലിക്കുന്നവരെ അഭിനന്ദിക്കുന്നു

സ്വയം വൃത്തിയായി ഇരിക്കുന്നത് രോഗങ്ങൾ ഇല്ലാതിരിക്കാൻ സന്തോഷത്തോടെ ജീവിക്കാനുമാണ്.

**പരിസര ശുചിത്വം:**

ചുറ്റുപാടും നിരീക്ഷിക്കൽ

പ്ലാസ്റ്റിക്ക് വലിച്ചെറിഞ്ഞിട്ടുണ്ടോ, വെള്ളം കെട്ടി കിടക്കുന്നുണ്ടോ കണ്ടെത്തൽ - ചർച്ച.

"സ്കൂൾ പരിസരം വൃത്തിയായി സൂക്ഷിക്കാം"

സ്കൂൾ ഹരിത ക്യാമ്പസ് സൃഷ്ടിക്കാം.

**പൊതു ആരോഗ്യം (09/06/25)**

ആരോഗ്യം നമ്മുടെ സമ്പത്ത്.

പോഷണം, ശുചിത്വം, വ്യായാമം, നല്ല ഉറക്ക ശീലം, മനസ്സിന്റെ സന്തോഷം എന്നിവ നല്ല ആരോഗ്യത്തെ പരിപോഷിപ്പിക്കുന്നു.

- തല, തലമുടി- ദിവസവും കുളിക്കുക, തോർത്തുക
- മുഖം ഇടയ്ക്കിടെ കഴുകുക.
- കാഴ്ച കുറവുണ്ടെങ്കിൽ പറയുക
- വ്യക്തമായി കാണുന്നുണ്ട് എന്ന് ഉറപ്പിക്കുക.
- കേൾവിക്കുറവ് - ശ്രദ്ധിക്കൽ
- കൈകൾ ഇടയ്ക്ക് സോപ്പിട്ട് കഴുകുന്നതിന് പ്രേരണ നൽകുന്നു.
- വ്യായാമത്തിന്റെ പ്രാധാന്യം

**എന്തിനാണ് പോഷണം?**

- വളരാൻ, വലുതാകാൻ
- ശക്തിക്ക്
- ഊർജ്ജത്തിന്
- ബുദ്ധിക്കും ഉണർവിനും
- പ്രതിരോധശക്തിക്ക്
- ആകർഷണതയ്ക്ക്
- പ്രഭാത ഭക്ഷണം ആഹാരം നന്നായി കഴിക്കണം എന്ന ബോധം കുട്ടികളിൽ ഉണ്ടാക്കുന്നു
- ആഹാരത്തിൽ ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ, അധികമായാൽ നന്നല്ല.
- ധാരാളം വെള്ളം കുടിക്കണം.
- ഇലക്കറികൾ, പഴവർഗങ്ങൾ കൂടുതൽ കഴിക്കണം

- ➢ തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കണം.

**<u>ഡിജിറ്റൽ അച്ചടക്കം</u>**

ഭക്ഷണം കഴിക്കുമ്പോഴും ഒഴിവുസമയങ്ങളിലും മറ്റും കുട്ടികൾ കമ്പ്യൂട്ടർ, ടെലിവിഷൻ തുടങ്ങിയ രക്ഷിതാക്കളുടെ അനുമതിയില്ലാതെ കാണുന്നു. ഇത് കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയെ ബാധിക്കുന്നു എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

- ❖ ബോധവൽക്കരണം നടത്തുന്നു
- ❖ നിശ്ചിത സമയം കാണുന്നതിന് അനുവദിക്കുന്നു.
- ❖ രക്ഷിതാക്കളുടെ കൂടെയുള്ള സമയത്ത് മാത്രം ഫോൺ യൂസ് ചെയ്യുന്നു.

**പൊതുമുതൽ സംരക്ഷണം**

- പൊതു മുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും കുട്ടികളെ ബോധ്യപ്പെടുത്തുന്നു.
- സ്വന്തം സാധനസാമഗ്രികൾ അടുക്കും ചിട്ടയോടും കൂടി സൂക്ഷിക്കുന്നു.
- ക്ലാസിലെ വായന സാമഗ്രികൾ, ICT ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ചാർട്ട്, ലൈറ്റ് തുടങ്ങിയവ ഉത്തരവാദിത്വത്തോടെ സംരക്ഷിക്കുന്നു.
- മറ്റു കുട്ടികളുടെ സാമഗ്രികളും സംരക്ഷിക്കുന്നു.

**<u>ദന്ത സംരക്ഷണം</u>**

- ദിവസവും രാത്രിയും രാവിലെയും രണ്ടുനേരം പല്ല് തേക്കണം
- പല്ലുകൊണ്ട് നന്നായി ചവച്ചരച്ചാൽ നല്ല ദഹനം കിട്ടും
- ആഹാരം കഴിച്ചാൽ ഉടൻ പല്ലും വായും നന്നായി കഴുകണം
- പല്ലുതേക്കുന്ന വിധം കാണിച്ചുകൊടുക്കൽ
- മൃഗങ്ങളുമായി ഇടപെടുന്നത് ശ്രദ്ധിച്ചു വേണം. അവയുടെ കടി ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.
- 6-8 മണിക്കൂർ കുട്ടികൾ ഉറങ്ങണം
- ഉറങ്ങുന്നതിനു മുമ്പ് ആഹാരം നിറവയറായി കഴിക്കരുത്.
- കിടക്കുന്നതിന് ഒരു മണിക്കൂർ മുമ്പേ ഫോൺ/ കമ്പ്യൂട്ടർ എന്നിവ നോക്കുന്നത് ഒഴിവാക്കുക.
- കിടപ്പുമുറിയിൽ നല്ല വായു സഞ്ചാരം വേണം.
- കൊതുകുശല്യം ഒഴിവാക്കുന്നതിന് 'കൊതുക് വല' കെട്ടുന്നത് നല്ലതാണ്.

## പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ ജീവിത സന്ദർഭങ്ങൾ കഥ എന്നിവ സംഘടിപ്പിക്കുന്നു. ഇതിനായി റോൾ പ്ലേ ഉപയോഗപ്പെടുത്തുന്നു.

- ഡൈനിങ്ങ് സമയം
- ബസ് യാത്ര
- കുടുംബമായി കടയിൽ പോയത്
- അച്ഛനും അമ്മയും മക്കളും ചേർന്ന് ഭക്ഷണം തയ്യാറാക്കൽ.
- പരസ്പര സഹായത്തിന്റെ കഥകൾ അവതരിപ്പിക്കൽ
- സ്നേഹത്തിന്റെ പ്രാധാന്യം, സഹാനുഭൂതി എന്നിവ പ്രകടമാക്കുന്ന കഥകൾ.

**മലയാളം**

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അക്ഷരസ്ഫുടതയോടെയും ഉൾപ്പടെയും ആശയ വ്യക്തത യോടെയും ഉള്ള വായന | **വായിക്കാം എഴുതാം**<br>• പദ കാർഡ് വായന<br>• വായന കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ<br>• ഉച്ചത്തിലുള്ള വായന<br>• കൂട്ടുകാർക്ക് മുമ്പിൽ ഒഴുക്കോടെ ഉച്ചത്തിൽ വായിക്കുന്നു.<br>• നിശബ്ദ വായന<br>• ചിത്ര വായന<br>• വായനകാർഡ് നൽകുന്നു.<br>• കുട്ടികൾക്ക് വായന കാർഡ് നൽകുന്നു<br>• രക്ഷിതാക്കൾക്ക് വായനക്കാരുടെ വായിച്ചു കേൾപ്പിക്കുന്നു. | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| | **<u>വായിക്കാം അഭിപ്രായം പറയാം</u>**<br>• കഥ കാർഡ് വായന<br>• വായിച്ച് അവതരിപ്പിക്കാനുള്ള അവസരം<br>• കഥാപാത്രങ്ങളെക്കുറിച്ചും അതേക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു.<br>• ക്ലാസ്റൂം ലൈബ്രറി<br>• ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തിരഞ്ഞെടുക്കുന്നു.<br>• വായന, വായനാനുഭവം പങ്കു വയ്ക്കൽ<br>**<u>കഥ കാണാം എഴുതാം</u>**<br>• ICT ഉപയോഗിച്ച് കഥ കാണാൻ അവസരം<br>• കണ്ട കഥ സ്വയം എഴുതാൻ അവസരം<br>• അധ്യാപികയുടെ ഇടപെടൽ മെച്ചപ്പെടുത്തി എഴുതൽ<br>**<u>ചിത്രത്തിൽ എന്തെല്ലാം</u>**<br>• ചിത്രം നിരീക്ഷിക്കുന്നു<br>• വിവരണം തയ്യാറാക്കുന്നു<br>• അധ്യാപികയുടെ ഇടപെടൽ, മെച്ചപ്പെടുത്തി രചന<br>**<u>എന്തെല്ലാം കാഴ്ചകൾ</u>**<br>• രക്ഷിതാവിന്റെ സഹായത്തോടെ പരിസരം നിരീക്ഷിച്ചു കുറിപ്പ് തയ്യാറാക്കുന്നു<br>• വിലയിരുത്തുന്നു<br>**<u>കവിത പൂർത്തിയാക്കാം</u>**<br>• കവിത പൂർത്തിയാക്കാൻ അവസരം<br>• കവിതക്ക് ഈണം നൽകുന്നു<br>• വരികൾ കൂട്ടിച്ചേർന്നു | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| | **<u>സർഗാത്മക രചന</u>**<br>കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങൾ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>കുട്ടി മെച്ചപ്പെടുത്തി എഴുതുന്നു വീട്ടുകാർക്ക് മുമ്പിൽ അവതരിപ്പിക്കുന്നു.<br>**<u>ക്ലാസ് റൂം ലൈബ്രറി</u>**<br>❖ വായനാക്കുറിപ്പ് | |

# ഗണിതം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സംഖ്യാബോധം<br><br><br><br><br><br><br><br>സഖ്യാവ്യാഖ്യാനം<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>പ്രായോഗിക പ്രശ്നം പരിഹരിക്കൽ | **<u>എണ്ണിയെടുക്കാം.</u>**<br>നറുക്കെടുക്കാം<br>ചങ്ങാതിമാരെ കണ്ടെത്താം<br>പാറ്റേൺ പൂർത്തിയാക്കാം<br>ക്രമത്തിലാക്കാം<br>പൂമ്പാറ്റയെ പൂവിലെത്തിക്കാം<br>(ഉല്ലാസ ഗണിതം)<br>**<u>കൂട്ടങ്ങളാക്കാം</u>**<br>ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം (നിറമുള്ള മുത്തുകൾ ഉപയോഗിച്ചു കൊണ്ട്)<br>കളി നോട്ട് ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ഇതിന്റെയൊക്കെ കൂട്ടങ്ങളാക്കി മാറ്റൽ<br>**<u>സംഖ്യാ സൂര്യൻ</u>**<br>സംഖ്യകൾ ബോർഡിൽ എഴുതി കുട്ടികൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.<br>(ഒരക്കം,രണ്ടക്കം,മൂന്നക്കം)<br>**<u>ക്രമീകരിക്കാം</u>**<br>സഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.<br>അറവിന്ദ് ഗുപ്ത കാർഡുപയോഗിച്ച് സംഖ്യകൾ നിർമ്മിക്കുന്നു<br>**<u>ക്ലാസിൽ ഒരു കട /കച്ചവടക്കണക്ക്</u>**<br>കുട്ടികളുടെ ബുക്ക് ,പേന, പെൻസിൽ,വെള്ളം,അരി തുടങ്ങിയവ ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>ത്രാസ്,അളവുപാത്രങ്ങൾ ക്രമീകരിക്കുന്നു.<br>ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>**<u>സമയചക്രം</u>**<br>Black/ white ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു. | ജൂൺ – ഫെബ്രുവരി |

| പഠന നേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പി ക്കുന്നു. | സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>**<u>സംഖ്യാചക്രം</u>**<br>സംഖ്യകൾ തിരിച്ചറിയുന്നു.<br>സങ്കലനം,വ്യവകലനം,ഗുണനം ഹരണം<br>**<u>ഭാഗ്യവാനെ കണ്ടെത്താം</u>**<br>ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ തിരഞ്ഞെടുക്കാനുള്ള അവസരം കുട്ടിക്ക് നൽകുന്നു.<br>ക്രിയ ചെയ്യാം:- ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.<br>**<u>ജോഡി കണ്ടെത്താം</u>**<br>വിവിധ ക്രിയകൾ അടങ്ങിയ പട്ടിക പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തെരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നു.<br>കുട്ടികൾക്ക് കിട്ടിയ സംഖ്യ ഏത് ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി കളങ്ങളിൽ ഒട്ടിക്കുന്നു. | ഫെബ്രുവരി-മാർച്ച്<br>ജൂൺ-സപ്തംബർ<br>ജൂൺ-നവംബർ<br>നവംബർ-ജനുവരി |

## പരിസര പഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | <u>**പ്രകൃതി നടത്തം**</u>: ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>പ്രത്യേകതകൾ മനസ്സിലാക്കാം.<br>വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>പരിസര ശുചിത്വം.<br>പ്രകൃതിയെ സ്നേഹിക്കാം.<br><u>**പൂന്തോട്ടമൊരുക്കാം:**</u><br>സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ, വീട്ടിൽ പൂന്തോട്ടമൊരുക്കൽ.<br><u>**ഒരു തൈ നടാം:**</u><br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ.<br>നട്ട വൃക്ഷത്തെ പരിപാലിക്കൽ<br>പോസ്റ്റർ നിർമ്മാണം<br>പ്രകൃതി സംരക്ഷണം- പോസ്റ്റർ തയ്യാറാക്കൽ | ജൂൺ- ഒക്ടോബർ<br><br>ജൂൺ- മാർച്ച് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | **പരിസര നടത്തം:-**<br>നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നങ്ങൾ അടുത്തറിയാം.<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.<br>**നല്ല ശീലം:**<br>പോസ്റ്റർ തയ്യാറാക്കാം.<br>പ്രദർശിപ്പിക്കാം | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പ ര്യവും വളർത്തൽ | **ഫീൽഡ് ട്രിപ്പ് :-**<br>നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടു ത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പി ക്കുന്നു. കുളം, കായൽ, പുഴ, തോട്...... വെള്ളച്ചാട്ടം.<br>**പരീക്ഷണങ്ങൾ:-**<br>ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷ ണങ്ങളിൽ ഏർപ്പെടുന്നു.<br>**ശാസ്ത്രജ്ഞനോടൊപ്പം:-** ക്യാമ്പ് മികച്ച ശാസ്ത്രാധ്യാപക സേവനം.<br>**പക്ഷി നിരീക്ഷണം:-** ക്യാമ്പ്.<br>പക്ഷികളെ നിരീക്ഷിക്കൽ | |

# ENGLISH

| Learning Outcomes | Activities | Duration |
|---|---|---|
| Describe the Pictures. | • The teacher shows a Picture.<br>• Discussion.<br>• The Children talk about the picture | June to August |
| Arranges word in alphabetical order. | **Dictionary.**<br>• Introducing the dictionary.<br>• Give words.<br>• Arranging words in alphabetical order. | June to March |
| Adds more exchanges to the conversation suitable to the context. | **Conversation.**<br>• Reading the conversation.<br>• Conversation with acting with friends.<br>• Adds more exchanges to the conversation | July to March |
| | **Slow learners**<br>• Gives opportunity to express their idea in Malayalam | July to September |
| Identifies rhyming words from the poem. | **Rhyming words.**<br>• Plays the audio of song.<br>• Let the learner sing after the audio.<br>• Discussion<br>• Identifying rhyming words | |
| Add lines to a poem following a set pattern. | • Add more lines<br>• Plays the audio of song<br>• Let the learner sing after the audio. | July to September |

| Learning Outcomes | Activities | Duration |
| --- | --- | --- |
| Read and Understands the given stories and poems. | ▪ Add lines to the poem<br>▪ Let's read<br>▪ Provides the opportunity to read simple stories and poems<br>▪ They tell the story they read. | December to March |
| Make simple riddles | **Riddles.**<br>▪ Gives children the opportunity to hear and answer simple riddles.<br>▪ Makes simple riddles.<br>**Slow learners.**<br>▪ Gives opportunity to express their idea in Malayalam. | August to March |
| Undertakes simple project work given. | **Project works.**<br>▪ Give instructions<br>▪ Data collection.<br>▪ Codifying | October to March |
| Graphic Reading | **Picture cards and word cards.**<br>▪ Teacher shows picture cards<br>▪ Teacher tells the names of cards.<br>▪ Children say aloud.<br>▪ Then teacher shows the name.<br>▪ (Word card) with picture card.<br>▪ At last children select the picture and fixed the correct name of the picture card | |
| Discription. | **Picture Interaction.**<br>▪ Teacher shows the picture<br>▪ Children identify the things in the picture. Then they tell the name of things in the given picture. | |